പെർമെനന്റ് അദാലത്ത് സമിതി 1 ന്റെ യോഗം 10/05/2024 തീയ്യതിയിൽ പകൽ 10.30ന് ചേർന്നു. യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും.

ഹാജർ

(1)സതീശൻ കെ വി,കൺവീനർ & ഐ വി ഒ

(2)ബിജു പി വി,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,പയ്യന്നൂർ ബ്ലോക്ക്  പഞ്ചായത്ത്

(3)നിധിൻ കുമാർ എസ്,ഡപ്യൂട്ടി ടൌൺ പ്ലാനർ,കണ്ണൂർ.

അജണ്ട:

ഇംപ്ലിമെന്റേഷൻ വെരിഫിക്കേഷൻ

(1)മഹമ്മൂദ്ഷാ എ വി എം എന്നവർ മാടായി ഗ്രാമ പഞ്ചായത്തിനെതിരെ നല്കിയ പരാതിയിൽ കെട്ടിടത്തിന്റെ നമ്പർ പുന:സ്ഥാപിച്ചുനൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരാതിക്കാരനെ ബന്ധപ്പെട്ടതിൽ ആയത് ശരിയാണെന്ന് അറിയിച്ചിട്ടുണ്ട്.

(2)കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിനെതിരെ ഹരീഷ് കാനാ, ഫ്രന്റ്സ് ആർട്സ് & സ്പോർട്സ് ക്ലബ് നല്കിയ പരാതിയിൽ കെട്ടിട നിർമ്മാണം നടത്തിയ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതിനാൽ ഇക്കര്യത്തിൽ തുടർ നടപടികൾ  സ്വീകരിക്കേണ്ടത് അപേക്ഷകർ തന്നെയാണ് അക്കാര്യം രേഖാമൂലം ആറിയിച്ചിട്ടുണ്ട്.

അജണ്ട:

ചെറുകുന്ന് സെന്റ് മാർട്ടിൻ ഡി പോറസ് ആശുപത്രി അധികൃതർ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിനെതിരെ നല്കിയ പരാതി.

റഗുലറൈസ് ചെയ്ത കെട്ടിടങ്ങൾക്ക് പുതിയ നമ്പർ അനുവദിച്ച് കിട്ടിയിട്ടില്ല എന്നതാണ് പരാതി.വിശദാംശങ്ങൾ പരിശോധിക്കേണ്ടതിനാൽ പരാതി അടുത്ത അദാലത്തിലേക്ക് മാറ്റിവെച്ചു.

അജണ്ട:

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിനെതിരെ സഹജൻ നല്കിയ പരാതി.

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ അധിക നിർമ്മാണത്തിനുള്ള ഫീസ് ഒടുക്കുന്നതുമായി ബന്ധപ്പെട്ടതാണ് പരാതി.വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി അടുത്ത അദാലത്തിലേക്ക് മാറ്റിവച്ചു.

യോഗം 1.10  p m ന് അവസാനിച്ചു.